# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2854 18.06.2019 -ൽ മറുപടിക്ക്**

**<u>പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കൽ</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.ജെ.മാക്സി :** | **ശ്രീ. ജി. സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സ്ഥാപിച്ചിട്ടുള്ള ക്വാളിറ്റി കൺട്രോൾ ലാബുകളുടെ പ്രവർത്തനം നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ; | (എ) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലബോറട്ടറികൾ സ്ഥാപിച്ചിട്ടുണ്ട്. മേൽ പറഞ്ഞ എല്ലാ ലബോറട്ടറികളും ഇപ്പോൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. മരാമത്ത് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന നിർമ്മാണ വസ്തുക്കളുടെ ഗുണനിലവാരം ഈ ലബോറട്ടറികളിൽ പരിശോധിക്കുന്നുണ്ട്. ഈ വിഭാഗങ്ങളിലേയ്ക്ക് ആവശ്യമുള്ള ആധുനിക പരിശോധനാ ഉപകരണങ്ങൾ ലഭ്യമാക്കി വരുകയാണ്. ഇവിടെ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ആവശ്യമുള്ള പരിശീലന സൗകര്യങ്ങളും നൽകിയിട്ടുണ്ട്. ലബോറട്ടറികളിലെ പരിശോധന ഫലങ്ങൾക്ക് അനുസൃതമായി പ്രവൃത്തികൾക്ക് ആവശ്യമായ മാറ്റങ്ങളും ക്രമീകരണങ്ങളും |

| | | | |
|---|---|---|---|
| | | | നടത്തുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന്റെ ഇടപെടലുകൾ ഗുണപരമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. |
| (ബി) | സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കുന്ന കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് പൊതുമരാമത്ത് പ്രവൃത്തികൾ സുതാര്യമാക്കുന്നതിന്റെയും പ്രവൃത്തികളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന്റെയും ക്രമക്കേടുകൾ ഇല്ലാതാക്കുന്നതിന്റെയും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെയും ഭാഗമായി അവയ്ക്ക് സാമൂഹ്യ ഓഡിറ്റ് സംവിധാനം ഏർപ്പെടുത്തുമെന്ന് സർക്കാരിന്റെ 2016-17 ലെ നയപ്രഖ്യാപനത്തിൽ പറഞ്ഞിരുന്നു. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനായി പൊതുമരാമത്ത് ജില്ലാ സോഷ്യൽ ഓഡിറ്റ് സമിതികൾ ജി.ഒ. (എം.എസ്) നം.1/2018/ പി.ഡബ്ല്യു.ഡി. തീയതി 05/01/2018 എന്ന സർക്കാർ ഉത്തരവിലൂടെ രൂപീകൃതമായിട്ടുണ്ട്. |
| (സി) | ക്വാളിറ്റി കൺട്രോൾ, സോഷ്യൽ ഓഡിറ്റിംഗ്, ടെക്നിക്കൽ ഓഡിറ്റിംഗ് ഇവ സംയോജിതമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | ക്വാളിറ്റി കൺട്രോൾ, സോഷ്യൽ ഓഡിറ്റിംഗ്, ടെക്നിക്കൽ ഓഡിറ്റിംഗ് എന്നിവ സംയോജിതമായി നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**